പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4800

23.07.2015 ൽ മറുപടിയ്ക്ക്

## സംസ്ഥാന യുവജനക്ഷേമബോർഡിന് നൽകിയ ഫണ്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാജേഷ് | ശ്രീമതി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |

എ) ഈ സർക്കാർ അധികാരമേറ്റശേഷം 2011-12, 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ യുവജനക്ഷേമ ബോർഡിന് നൽകിയ ഫണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

എ)

| സാമ്പത്തിക വർഷം | പദ്ധതിയിനത്തിൽ അനുവദിച്ച തുക | പദ്ധതിയേതര ഇനത്തിൽ അനുവദിച്ച തുക |
|---|---|---|
| 2011-12 | 825 ലക്ഷം | 17,16,000/- (17.16 ലക്ഷം) |
| 2012-13 | 1500 ലക്ഷം | 18,87,000/- (18.87 ലക്ഷം) |
| 2013-14 | 1283 ലക്ഷം | 20,75,000/- (20.75 ലക്ഷം) |
| 2014-15 | 1300 ലക്ഷം | 24,07,000/- (24.07 ലക്ഷം) |

ബി) പ്രസ്തുത ഫണ്ട് ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

ബി) 2011-12 മുതൽ 2014-15 സാമ്പത്തിക വർഷം വരെ ബോർഡ് ഫണ്ട് ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

സി) യുവജനക്ഷേമബോർഡ് ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ ;

കേരളോത്സവം, ഗോത്രായനം, ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ, ദേശീ യോദ്ഗ്രഥന ക്യാമ്പ്, ജോബ് ഫെസ്റ്റ്, അക്ഷര യുവത്വം, യുവ മാധ്യമ പ്രവർത്തക ക്യാമ്പ്,ഇന്റർനാഷണൽ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം, ചലച്ചിത്ര ക്യാമ്പ്, യൂത്ത് എക്സിബിഷൻ, സാഹസിക പ്രവർത്തനങ്ങൾ, വനിതാ ശില്പശാല,ഡി.റ്റി.പി/ പി.എസ്.സി. ഓൺലൈൻ പരിശീലനം, പരിസ്ഥിതി ദിനാചരണം, പേപ്പർ ബാഗ് നിർമ്മാണം, മഴക്കാല ബോധവത്കരണം, നാടിക, യുവജനദിനാചരണം, സംരംഭകത്വ പരിശീലനം,സാഹസിക ഫോട്ടോഗ്രാഫി അവാർഡ്,യൂത്ത് അവാർഡ്,സ്ത്രീ സുരക്ഷാ പരിശീലനം, നാടൻകലാമേള, കളരിപ്പയറ്റ് പഠനം,

സ്വയംതൊഴിൽ ബോധവത്കരണ ക്യാമ്പയിനുകൾ, ക്യാമ്പസ് ലീഡേഴ്സ്ക്യാമ്പ്, പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം, വ്യക്തിത്വ വികസന പരിശീലന ക്യാമ്പ്, ഇശൽ പെരുമ, ഗോത്രവർഗ്ഗ യുവതികൾക്കായുള്ള ശിൽപ്പശാല, സിവിൽ സർവ്വീസ് ഓറിയന്റേഷൻ പ്രോഗ്രാം, ചിത്രസൂത്ര, യൂത്ത് ലീഡർഷിപ്പ് ക്യാമ്പ്, സകർമ്മ, സ്പോർട്സ് കിറ്റ്, ജീവദായിനി തുടങ്ങിയ പദ്ധതികൾ ബോർഡ് നടപ്പിലാക്കി വരുന്നു.

ഡി) യുവജനക്ഷേമ ബോർഡംഗങ്ങൾ നടത്തിയ വിദേശയാത്രയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഇതിനായി ചിലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഡി) 2014 വർഷത്തിൽ യുവജനക്ഷേമ ബോർഡ് വൈസ് ചെയർമാൻ, മെമ്പർ സെക്രട്ടറി, എന്നിവരും 19 ഗോത്ര വർഗ്ഗക്കാരും ഭാരത് ദർശൻ യാത്രയുടെ ഭാഗമായി കൽക്കട്ട സന്ദർശിച്ച ശേഷം നേപ്പാളിലെ കാഠ്മണ്ഡു സന്ദർശിക്കുകയുണ്ടായി. ഈ പ്രോഗ്രാമിന് ആകെ 14,75,723/- രൂപ ചെലവഴിച്ചിട്ടുണ്ട്. കാഠ്മണ്ഡു സന്ദർശനത്തിന് മാത്രമായുള്ള ചെലവ് കണക്കാക്കിയിട്ടില്ല.

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്